പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3235 — 18.10.2016 - ൽ മറുപടിക്ക്

## കോട്ടക്കലിൽ പുതുതായി ത്രിവേണി സ്റ്റോറുകൾ

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരളത്തിലെ പ്രൈമറി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും, ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചിട്ടപ്പെടുത്തി വരികയുമാണ്. ആയത് നടപ്പിലാക്കുമ്പോൾ ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്. |
| (ബി) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പുതുതായി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കോട്ടക്കലിൽ ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ പ്രൈമറി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | കോട്ടക്കൽ മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രവർത്തന യോഗ്യമായ മൊബൈൽ ത്രിവേണികളുടെ അഭാവത്തിൽ ഇപ്പോൾ നടപടി സ്വീകരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ